പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3119 22/06/2012-ൽ മറുപടിക്ക്

സ്ഥലം ഉടമയുടെ വീടിന് ചേർന്ന് മരംവച്ചു പിടിപ്പിക്കുന്നതിന്റെ ദൂരപരിധി-നിയമ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ: | | ഡോ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | പഞ്ചായത്ത്‌രാജ് നിയമത്തിൽ ഒരാളിന്റെ വസ്തുവിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നത് സമീപവാസിയുടെ വീടിന്റെ ചുമരിൽ നിന്നും നിശ്ചിത അകലം പാലിച്ച് മാത്രമായിരിക്കണം എന്ന കാര്യ ത്തിൽ നിയമമില്ലായെന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിയമത്തിന്റെ അഭാവം മൂലം സമീപവാസികൾ മറ്റുള്ളവരുടെ വീടിനോട് ചേർന്ന് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നത് ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | വൃക്ഷങ്ങൾ മൂലം ജീവനോ സ്വത്തിനോ കൃഷിയ്ക്കോ ഭീഷണി ഉണ്ടാകുന്നതായി ഗ്രാമപഞ്ചായത്തിന് ബോധ്യപ്പെടുന്ന പക്ഷം അവ മുറിച്ച് മാറ്റുന്നതിനോ വെട്ടി ഒതുക്കുന്നതിനോ നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) | സമീപത്തുള്ള വീടിന്റെ നാല് ചുവരുകളിൽ നിന്നും നിശ്ചിത അകലം പാലിച്ച് മാത്രമേ വൃക്ഷതൈകൾ വച്ചു പിടിപ്പിക്കാവൂ എന്ന നിയമം പഞ്ചായത്ത്, മുനിസിപ്പൽ നിയമങ്ങളിൽ അടിയന്തിരമായി ഉൾക്കൊള്ളിക്കുന്നതിന് ശ്രമിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ആഫീസർ